**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2415**
**06.12.2018 ലെ മറുപടിയ്ക്ക്**

**<u>പങ്കാളിത്ത പെൻഷൻ</u>**

**ചോദ്യം :**
**ശ്രീ.വി.ഡി.സതീശൻ**
**എം.എൽ.എ**

**ഉത്തരം :**
**ഡോ.തോമസ് ഐസക്ക്**
**(ബഹു.ധനകാര്യ വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | കേന്ദ്ര സർക്കാർ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയ തീയതിയ്ക്ക് മുൻപ് ഇറക്കിയ വിജ്ഞാപനപ്രകാരം നിയമനം നേടിയ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമാക്കണമെന്ന സുപ്രീംകോടതി ഉത്തരവ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമാക്കുമോ; | സംസ്ഥാന സർക്കാരിന്റെ 07/01/2013-ലെ സ.ഉ.(പി)നം.20/2013/ധന. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സർക്കാരിലോ, സർക്കാരിന് കീഴിലെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരിക്കുന്ന സ്ഥാപനങ്ങളിലോ 01/04/2013 മുതൽ നിയമിക്കപ്പെടുന്ന പുതിയ ജീവനക്കാർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി പുനഃപരിശോധിക്കുന്നതിനായിട്ടാണ് സർക്കാർ ഒരു സമിതിയെ നിയമിച്ചു കൊണ്ട് 07/11/2018-ലെ സ.ഉ.(പി)നം.172/2018/ധന. ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് സമിതിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മുഴുവൻ വിഷയങ്ങളും പരിശോധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ബി | പങ്കാളിത്ത പെൻഷൻ പുനഃ പരിശോധിക്കുന്നതിന് നിയമിച്ച കമ്മറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; | പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| സി | പങ്കാളിത്ത പെൻഷൻ ബാധകമായുള്ള ജീവനക്കാർക്ക് പൊതുവെ ബാധകമാക്കിയുള്ള ഈ സർക്കാരിന്റെ എല്ലാ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| ഡി | ഈ സർക്കാർ ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളിലാണ് പങ്കാളിത്ത പെൻഷൻ നടപ്പിൽ വരുത്തിയിട്ടുള്ളത് വിശദാംശം ലഭ്യമാക്കുമോ? | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 5 പുതിയ സ്ഥാപനങ്ങളിൽ കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1) കേരള കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്.<br>2) കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ<br>3) കണ്ണൂർ സർവ്വകലാശാല<br>4) ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി<br>5) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

## സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി- സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിയമനാധികാരിയ്ക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(പി)നം.**7/2018**/ധന. തിരുവനന്തപുരം,തീയതി: **12.01.2018**

പരാമർശം: 1)സ.ഉ(പി)നം. 20/2013/ധന. തീയതി, 07.01.2013
2)സ.ഉ(പി)നം.209/2013/ധന. തീയതി 07.05.2013
3)സ.ഉ(പി)നം.279/2014/ധന. തീയതി 14.07.2014
4)സർക്കുലർ നമ്പർ 65/2015/ധന. തീയതി 04.07.2015

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതേ സമയം പരാമർശം (2) ഉത്തരവ് പ്രകാരം 01.04.2013 ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും, പരാമർശം (3) ഉത്തരവ് പ്രകാരം 01.04.2013-ന്

മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കുന്ന സർക്കാർ പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള **മൊബിലിറ്റി** ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരാമർശം (4) സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം പുതിയ ജോലിയിൽ പ്രവേശിക്കേണ്ടത് എന്ന് മാത്രമല്ല മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരുന്നതിനായി **നിയമനാധികാരിയ്ക്ക് ഓപ്ഷൻ ഫോം സമർപ്പിക്കുകയും വേണം.** സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ജീവനക്കാർ സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനാകാത്ത സാഹചര്യം വന്നു ചേർന്നിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ഓഫീസുകളിലേയും ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ഈ വിഷയത്തിൽ സൂക്ഷ്മത പുലർത്തണമെന്നും കേരള സർവ്വീസ് റൂൾസ് ഭാഗം-III ലെ ചട്ടം 146-ന് ചുവടെയുള്ള സർക്കാർ തീരുമാനപ്രകാരം ഓഫീസ് തലവനോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സേവനപുസ്തകങ്ങളുടെ വാർഷിക പരിശോധന നടത്തുന്ന വേളയിൽ ഇത്തരത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ സേവനപുസ്തകത്തിൽ മേൽ

ഉത്തരവുകൾക്ക് വിധേയമായി ഇതിനകം ഓപ്ഷൻ ഫോം പതിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്നും തുടർന്ന് വരുന്ന ഓരോ നിയമനസമയത്തും ഈ ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാരൻ/ജീവനക്കാരി ആണോ എന്ന വിവരം കൃത്യമായി പരിശോധിച്ച് ഇതുമായി ബന്ധപ്പെട്ട പരാമർശ ഉത്തരവുകളിലെ നടപടിക്രമങ്ങൾ ജീവനക്കാരൻ/ജീവനക്കാരി കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്നുമുള്ള കർശനനിർദ്ദേശം സംസ്ഥാനത്തെ മുഴുവൻ നിയമനാധികാരികൾക്കും നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ. രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സംസ്ഥാനത്തെ എല്ലാ വകുപ്പ് തലവന്മാർ/ നിയമനാധികാരികൾ.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

**Abstract**

NATIONAL PENSION SYSTEM (NPS)—REALIZATION OF BACKLOG CONTRIBUTIONS IN RESPECT OF ALL INDIA SERVICE OFFICERS RECRUITED TO KERALA CADRE—DETAILED PROCEDURES—ORDERS ISSUED

FINANCE (NPSC) DEPARTMENT

**G.O. (P) No. 75/2016/Fin. Dated, Thiruvananthapuram, 20th May, 2016.**

*Read*:—1. G. O. (P) No. 303/2009/Fin. dated 25-7-2009.

2. G. O. (P) No. 298/2010/Fin. dated 24-5-2010.
3. G. O. (P) No. 622/2013/Fin. dated 19-12-2013.
4. G. O. (P) No. 25/2015/Fin. dated 14-1-2015.
5. Circular No. 68/2011/Fin. dated 12-10-2011.
6. Circular No. 42/2015/Fin. dated 7-4-2015.

ORDER

Government have implemented National Pension System (NPS) to the All India Service (AIS) Officers recruited to Kerala Cadre on or after 1-1-2004 vide Government Order read as 1st paper above. Detailed guidelines for the realization of regular monthly contributions in respect of NPS for AIS officers (Kerala Cadre) were issued in Government Order read as 2nd and 3rd paper above. As per Government Order dated 14-1-2015, accounting procedure and guidelines with respect to backlog contributions were issued. Finance (NPS-Cell) Department has been entrusted to formulate detailed procedures in this regard vide Para 7 of the Government Order. Subsequently, the same has been issued vide Circular read as last paper above wherein verification of details furnished by the AIS Officers was mandated prior to issuing orders for realization of backlog contributions in individual cases.

GCPT. 4/1684/2016/S-22.

2. Now Government feel that the verification procedure instructed in the Circular leads to indefinite delay and thereby adversely affects the interests of the officers. In the circumstances, Government are pleased to modify the existing provisions and modalities for the realization of backlog contributions in respect of NPS for AIS Officers recruited to Kerala Cadre for the period 1-1-2004 to 31-5-2014, to the following extent:

(i) The initial training period will not be reckoned for computation of backlog contributions.

(ii) NPS deduction shall be made from the arrears on account of Pay/Dearness Allowance hike. It shall be applicable to all AIS Officers who have been recruited to Kerala Cadre and coming under the ambit of NPS irrespective of date of recruitment.

(iii) Government will bear the liability on account of employer contribution and interest for the contributions as envisaged in the Government Order read as 4th paper above during their service in State Public Sector Undertakings (SPSUs)/State Autonomous Bodies (SABs)/Local Self Government Institutions (LSGIs) on deputation. The employer contribution in this regard will be met by debiting H/A 2071-01-117-96 (NP-V). But this benefit is restricted to the service on deputation up to 31-5-2014 and thereafter, the employer/institution concerned will have to remit the employer contribution in conformity with orders prevailing with respect to deputation cases.The employee contribution for the period on deputation up to 31-5-2014, if any, parked with own fund of SPSUs/SABs/LSGIs shall immediately be remitted to the Major Head 8342 as stipulated in the Para IX(i) of the Government Order read as 2nd paper above.

(iv) The officers concerned shall submit the option form duly countersigned by the Chief Secretary along with connected documents as directed in the Circular read as 6th paper above to Finance (NPS-Cell) Department. The Department will prepare a statement of backlog contributions based on the details furnished with the option form and the same will be shared with the Officer for verification and return with an affidavit stating that he/she will refund the employer contribution remitted along with interest as per extant norms if there was any excess

remittance due to false information submitted. The State Nodal Officer will issue orders in the case of each officer for the realization of backlog contributions. On the basis of the orders so issued, backlog contributions shall be recovered. The option form and details already received in the Finance (NPS-Cell) Department will be processed accordingly. If the officer has any objections regarding the statement shared, he/she shall bring it before the State Nodal Officer, Finance (NPS-Cell) Department prior to submitting the affidavit on refund of excess remittance.

(v) In the case of realization of backlog contributions in respect of AIS Officers who left the Kerala Cadre shall also follow the modalities applicable to Kerala Cadre AIS Officers.

(vi) The matter of backlog contributions for the service on Central deputation shall be taken up with the Central Government/Institution concerned by the officer concerned.

(vii) Matching Government contribution and interest for backlog contributions will be admissible to all officers irrespective of date of submission of required details.

By order of the Governor,

DR. K. M. ABRAHAM,
*Additional Chief Secretary (Finance).*

To

The Principal Accountant General (G&SSA), Kerala, Thiruvananthapuram.

The Principal Accountant General (A&E), Kerala, Thiruvananthapuram.

The Accountant General (E&RSA), Kerala, Thiruvananthapuram.

All Heads of Department.

All Departments and Sections of the Secretariat.

The Director of Treasuries, Thiruvananthapuram.

The Additional Secretary to the Chief Secretary to Government.

All Additional Chief Secretaries/ Principal Secretaries/Secretaries/ Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.

The Secretary to Governor, Raj Bhavan, Thiruvananthapuram.

The Private Secretary to the Speaker/Deputy Speaker of the Kerala Legislative Assembly.

The Private Secretaries to the Chief Minister and other Ministers.

The Private Secretary to the Leader of Opposition.

The State Election Commissioner, Kerala, Thiruvananthapuram.

The Chief Information Commissioner, Kerala, Thiruvananthapuram (with C.L.)

All District Treasury Officers/Sub Treasury Officers.

The Director, Information and Public Relations, Thiruvananthapuram.

The Nodal Officer, www.finance.kerala.gov.in.

Stock File/Office Copy.

GOVERNMENT OF KERALA

**Abstract**

NATIONAL PENSION SYSTEM (NPS)—REALIZATION OF BACKLOG CONTRIBUTIONS IN RESPECT OF ALL INDIA SERVICE OFFICERS RECRUITED TO KERALA CADRE—DETAILED PROCEDURES—MODIFICATION—ORDERS ISSUED

FINANCE (NPS CELL) DEPARTMENT

**G. O. (P) No. 80/2018/Fin. Dated, Thiruvananthapuram, 4th June, 2018.**

*Read*:—G. O. (P) No. 75/2016/Fin. dated 20-5-2016.

ORDER

As per the Government Order read above, orders were issued explaining the procedure for realization of backlog contributions towards National Pension System in respect of All India Service Officers recruited to Kerala Cadre. In clause (i) of para 2 of the Government Order, it was ordered that the initial training period will not be reckoned for computation of backlog contributions. Several representations from All India Service Officers were received in Government requesting to reckon their initial training period for computation of backlog contributions.

2. Government have examined the matter in detail and are pleased to modify clause (i) of para 2 of the Government Order read above as follows:

"In the case of All India Service Officers whose pay and allowances for the training period is being reimbursed by the State Government, their initial training period will be reckoned for computation of backlog contributions".

GCPT. 4/2285/2018/500/S-22.

3. The Government Order read above stands modified to the above extent.

By order of the Governor,

K. RAJASREE,
*Additional Secretary (Finance).*

To

The Principal Accountant General (A & E/G & SSA), Kerala, Thiruvananthapuram.

The Accountant General (E & RSA), Kerala, Thiruvananthapuram.

All Heads of Department.

All Departments and Sections of the Secretariat.

The Director of Treasuries, Thiruvananthapuram.

The Additional Secretary to the Chief Secretary to Government.

All Additional Chief Secretaries/Principal Secretaries/Secretaries/Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.

The Secretary to Governor, Raj Bhavan, Thiruvananthapuram.

The Private Secretary to the Speaker/Deputy Speaker of the Kerala Legislative Assembly.

The Private Secretaries to the Leader of Opposition.

The State Election Commissioner, Kerala, Thiruvananthapuram.

The Chief Information Commissioner, Kerala, Thiruvananthapuram.

All District Treasury Officers/Sub Treasury Officers.

The Director, Information and Public Relations, Thiruvananthapuram.

The Nodal Officer, *www.finance.kerala.gov.in*

The Stock File/Office Copy.

GOVERNMENT OF KERALA

**Abstract**

FINANCE DEPARTMENT—IMPLEMENTATION OF NATIONAL PENSION SYSTEM IN PSUs/AUTONOMOUS BODIES/BOARDS/UNIVERSITIES—CONSTITUTION OF A COMMITTEE TO MONITOR THE NPS RELATED ACTIVITIES OF ALL STATE AUTONOMOUS BODIES IN KERALA—ORDERS ISSUED

FINANCE (NPSC) DEPARTMENT

**G . O. (P) No. 164/2018/Fin.**

**Dated, Thiruvananthapuram, 23rd October, 2018.**

*Read*:— 1. G. O. (P) No. 441/2012/Fin., dated 8-8-2012.

2. G. O. (P) No. 135/2014/Fin., dated 8-4-2014.

ORDER

As per the Government Order read as 2nd paper above, Government have implemented National Pension System (NPS) in all PSUs/ Autonomous Bodies/Boards/Universities w.e.f. 1-4-2013, where pensionary benefits as on 31-3-2013 are applicable as per Part III of Kerala Service Rules. In the conference of State Governments held on 10th September, 2018 at India Habitat Centre, New Delhi organized by PFRDA, to discuss various policy/operational/product related issues pertaining to the implementation of NPS for State Government Employees, it has been directed to constitute a committee to monitor the NPS related activities of the State Autonomous Bodies in all states.

2. Therefore, Government are pleased to constitute a committee chaired by the Secretary (Finance Expenditure) to monitor the NPS related activities of the State Autonomous Bodies in Kerala. The following officials from Finance Department will be the members of the committee:

(i) Additional Secretary (Pension)

(ii) Joint Secretary (National Pension System)

(iii) Joint Secretary (Public Undertaking)

(iv) Deputy Secretary (Pension)

The above committee will periodically review the NPS related activities of the State Autonomous Bodies in Kerala.

By order of the Governor,

K. Rajasree,
*Additional Secretary (Finance).*

To

The Director (Services), Department of Personnel and Training, Ministry of Personnel, Public Grievances and Pension, Government of India.

The Principal Accountant General (A&E), Kerala, Thiruvananthapuram.

The Principal Accountant General (G&SSA), Kerala, Thiruvananthapuram.

The Accountant General (E&RSA), Kerala, Thiruvananthapuram.

All Heads of Department.

All Departments and Sections of the Secretariat.

The Director of Treasuries, Thiruvananthapuram.

The Secretary, Kerala Public Service Commission, Thiruvananthapuram (with C. L.).

The General Manager, Kerala State Road Transport Corporation, Thiruvananthapuram.

The Registrar. High Court of Kerala. Ernakulam.

The Registrar, Kerala Administrative Tribunal, Thiruvananthapuram (with C. L.).

The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C. L.).

The Registrar. Kerala Lok Ayukta, Thiruvananthapuram.

The Registrar. Kerala Agricultural University. Vellanikkara.

The Registrar. Kerala Veterinary and Animal Sciences University, Wayanad (with C. L.).

The Registrar. Sree Sankara Sanskrit University, Kalady (with C. L.)

The Registrar. Kerala University of Health and Allied Sciences, Thrissur (with C. L.).

The Registrar. Fisheries University, Ernakulam (with C. L.).

The Registrar. Malayalam University, Thirur, Malappuram (with C. L.).

The Secretary, Ombudsman for Local Self Government Institutions, Thiruvananthapuram.

The Advocate General, Kerala, Ernakulam (with C. L.).

The Secretary, Kerala State Electricity Board, Thiruvananthapuram.

The Additional Secretary to the Chief Secretary to Government.

All Additional Chief Secretaries/Principal Secretaries/Secretaries/ Special Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.

The Secretary to Governor, Raj Bhavan, Thiruvananthapuram.

The Private Secretary to the Speaker/Deputy Speaker of the Kerala Legislative Assembly.

The Secretary, Kerala State Human Rights Commission, Thiruvananthapuram.

The Secretary, Kerala State Women's Commission, Thiruvananthapuram.

The Private Secretaries to the Chief Minister and other Ministers.

The Private Secretary to the Leader of Opposition.

The State Election Commissioner, Kerala, Thiruvananthapuram.

The Chief Information Commissioner, Kerala, Thiruvananthapuram.

The General Administration (SC) Department.

The Finance (Budget Wing A/B) Department.

All District Treasury Officers/Sub Treasury Officers.

The Director, Information and Public Relations, Thiruvananthapuram.

The Nodal Officer, www finance kerala.gov.in.

Stock File/Office Copy.

GOVERNMENT OF KERALA

**Abstract**

FINANCE DEPARTMENT—NATIONAL PENSION SYSTEM—REDEMPTION OF CONTRIBUTIONS UPLOADED TO NSDL CRA RECOVERED FROM NON NPS SUBSCRIBERS—DETAILED PROCEDURES—ORDERS ISSUED.

## FINANCE (NPSC) DEPARTMENT

**G.O. (P) No. 120/2016/Fin.** *Dated, Thiruvananthapuram, 23rd August 2016.*

*Read* :—1. G. O. (P) No. 20/2013/Fin. Dated 7-1-2013.

2. G. O. (P) No. 209/2013/Fin. Dated 7-5-2013.
3. Error rectification module of CRA-NSDL.
4. Letter No. NPS/1176/2015. dated 20-2-2015, 27-3-2015 and letter No. NPS/6784/2014 dated 7-4-2015 from the Director of Treasuries.

## ORDER

National Pension System (NPS) has been implemented for the State Employees who have been appointed on or after 1-4-2013 vide G .O. read as 1st paper above. As per the G. O. read as 2nd paper above, Government have ordered that Government Servants/Employees in State Autonomous Bodies/Aided Institutions who were appointed in substantive vacancies on regular basis on or before 31-3-2013 and who were in such posts on 31-3-2013 and to whom the KSRs, Part III Pension Scheme applies in their respective institutions, would be allowed mobility and for this they can exercise option for the continuance of KSRs, Part III Pension Scheme based on the combined service in accordance with Part III, KSRs.

Pursuant to implementation of National Pension System, PRANs have been allotted to Non-NPS subscribers/employees who have been reckoned their prior service. As per the letters read as 4th paper above



GCPT. 4/2925/2016/TP.

the Director of Treasuries seeking clarification on how to refund/deposit amount erroneously deducted/remitted employee/employers contribution in connection with NPS from Non-NPS subscribers.

Government have examined the matter in detail and are pleased to order the following guidelines/procedures to be observed in such cases.

I. Proportion of redemption amount to be refunded to the subscriber

50% of the amount returned on redemption (interest portion, if any, shall be adjusted) irrespective of the appreciation/depreciation of investment.

II. Method of refunded/remittance of redeemed amount

On the basis of the appropriate authentication/communication received from concerned officers with the split up of amount (to be credited to Government account/to be given back to employees), the Treasury Officers shall arrange transfer of money into Government account/crediting of money into employee's account. The employees who have a bank account, the Treasury Officer shall electronically transfer the redeemed amount to the subscriber's account and this information shall be forwarded to the concerned DDO of the employee. In the case of employees who don't have any bank account, the Treasury Officers shall issue a cheque on behalf of the subscriber to his/her present DDO from where, he/she is relieved off.

III. Remittance of Government portion (including interest paid on backlog contributions)

In the case of funds drawn during the current years provision, the redeemed amount shall be remitted under the same head of account from which the drawal was made. The amount redeemed in respect of funds drawn during previous years the refund may be made under '911 Deduct Recoveries of over payments' below the respective major head from which the amount was drawn.

By order of the Governor,

**Rajasree, K.,**
*Joint Secretary (Finance).*

To

The Director (Services), Department of Personnel and Training Ministry of Personnel, Public Grievances and Pension, Government of India.

The Principal Accountant General (A&E), Kerala, Thiruvananthapuram.

The Principal Accountant General (G & SSA), Kerala, Thiruvananthapuram.

The Accountant General (E & RSA), Kerala, Thiruvananthapuram.

All Heads of Departments.

All Departments (All Sections) of the Government Secretariat.

The Director of Treasuries, Thiruvananthapuram.

The Secretary, Kerala Public Service Commission, Thiruvananthapuram (with C.L.).

The General Manager, Kerala State Road Transport Corporation Thiruvananthapuram.

The Registrar, High Court of Kerala, Ernakulam.

The Registrar, Kerala Administrative Tribunal, Thiruvananthapuram (with C.L.).

The Registrar, University of Kerala / Cochin / Calicut/MG/Kannur (with C.L.).

The Registrar, Kerala Lok Ayukta, Thiruvananthapuram.

The Registrar, Kerala Agricultural University, Vellanikkara.

The Registrar, Kerala Veterinary and Animal Sciences University, Wayanad (with C.L.).

The Registrar, Sree Sankara Sanskrit University, Kalady (with C.L.).

The Registrar, Kerala University of Health and Allied Sciences, Thrissur (with C.L.).

The Registrar, Fisheries University, Ernakulam (with C.L.).

The Secretary, Ombudsman for Local Self Government Institutions, Thiruvananthapuram.

The Advocate General, Kerala, Ernakulam (with C.L.).

The Secretary, Kerala State Electricity Board, Thiruvananthapuram.

The Additional Secretary to Chief Secretary to Government.

The Additional Chief Secretaries /Principal Secretaries / Secretaries / Special Secretaries / Additional Secretaries / Joint Secretaries / Deputy Secretaries and Under Secretaries to Government.

The Secretary to Governor, Raj Bhavan, Thiruvananthapuram.

The Private Secretaries to the Speaker / Deputy Speaker of the Kerala Legislative Assembly.

The Secretary, Kerala State Human Rights Commission, Thiruvananthapuram.

The Secretary, Kerala State Women's Commission, Thiruvananthapuram.

The Private Secretaries to Chief Minister & Other Ministers.

The Private Secretary to the Leader of Opposition.

The State Election Commissioner, Kerala, Thiruvananthapuram.

The Chief Information Commissioner, Kerala, Thiruvananthapuram (with C.L.).

The General Administration (SC) Department.

The Finance (Budget Wing, A/B) Department.

The District Treasury Officers/Sub Treasury Officers.

The Director, Information and Public Relations, Thiruvananthapuram.

The Nodal Officer, www.finance.kerala.gov.in

കേരള സർക്കാർ

പങ്കാളിത്ത പെൻഷൻ പദ്ധതി- പത്താം ശമ്പളക്കമ്മീഷന്റെ ഭാഗമായുണ്ടാകുന്ന കുടിശ്ശിക തുകയിൽ നിന്നും വിഹിതം ജീവനക്കാരന്റെ പ്രാൺ അക്കൗണ്ടിൽ അടവാക്കുന്നത് സംബന്ധിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ. (അച്ചടി) നം. 43/2017/ധന. തിരുവനന്തപുരം, തീയതി, 03/04/2017.

പരാമർശം : (1) സ.ഉ(അച്ചടി)നം.20/2013/ധന തീതി 07.01.2013.
(2) സ.ഉ(അച്ചടി)നം.81/2014/ധന തീയതി 24.02.2014.
(3) സ.ഉ(അച്ചടി)നം.440/2014/ധന തീയതി 13.10.2014.

## ഉത്തരവ്

പരാമർശം ഉത്തരവ്(1) പ്രകാരം 01.04.2013-ന് ശേഷം സംസ്ഥാനത്ത് സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന മുഴുവൻ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതും പരാമർശം ഉത്തരവ് (2) പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് "General Provident Fund (Kerala) Rules 2011" ചട്ടങ്ങൾ ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശ ഉത്തരവ് (3) പ്രകാരം ശമ്പളം, ക്ഷാമബത്താ വർദ്ധനവിന്റെ ഭാഗമായിട്ടുണ്ടാകുന്ന കുടിശ്ശിക തുക പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിൽ അടവാക്കേണ്ടതാണെന്നും ഇത്തരത്തിൽ പി.എഫ്-ൽ ലയിപ്പിക്കുന്ന തുകയിൽ നിന്നും വിഹിതം കിഴിവ് ചെയ്ത് പ്രാൺ അക്കൗണ്ടിൽ പ്രത്യേകമായി നിക്ഷേപിക്കേണ്ടതില്ല എന്നും ഉത്തരവായിരുന്നെങ്കിലും പത്താം ശമ്പളക്കമ്മീഷന്റെ ഭാഗമായിട്ടുള്ള കുടിശ്ശിക തുക ജീവനക്കാരന്റെ പ്രോവിഡന്റ് ഫണ്ടിൽ അടവാക്കാതെ നാല് ഗഡുക്കളായി ജീവനക്കാരന് നേരിട്ട് നല്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ഓരോ ഗഡു അനുവദിക്കുമ്പോഴും പ്രസ്തുത തുകയിലെ ജീവനക്കാരന്റെ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% കുറവ് ചെയ്ത്

തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാരുടെ പ്രാൺ അക്കൗണ്ടിൽ അടവാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ. രാജശ്രീ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ.ആന്റ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ.
7. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.
8. എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർക്ക്.
9. ഗവർണ്ണറുടെ സെക്രട്ടറി.
10. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
11. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
12. പ്രതിപക്ഷ നേതാവിന്റെയും ഗവ. ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
13. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

<u>സംഗ്രഹം</u>

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുന്ന എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പെൻഷൻ വിഹിതം അടവാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(പി)നം. **149/2017**/ധന. തിരുവനന്തപുരം,തീയതി: **18.11.2017**

---

പരാമർശം: സ.ഉ(പി)നം. 20/2013/ധന. തീയതി, 07.01.2013

## <u>ഉത്തരവ്</u>

പരാമർശ ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി- ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ എയ്ഡഡ് മേഖലയിലെ നിരവധി അധ്യാപകരുടെ എൻ.പി.എസ് വരിസംഖ്യ ഒടുക്കുന്നതിൽ ഏകീകരണമില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ അധ്യാപകരുടെ എൻ.പി.എസ് വിഹിതം അധ്യാപകർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ, അധ്യാപകരുടെ നിയമനത്തിന് അംഗീകാരം ലഭിക്കുന്ന തീയതി മുതൽ, അധ്യാപകർക്ക് PRAN ലഭ്യമാകുന്ന മാസം മുതൽ എന്നിങ്ങനെ വ്യത്യസ്ത രീതിയിൽ ഈടാക്കി വരുന്നുണ്ട്. ഇത്തരത്തിൽ വിവിധ രീതിയിൽ ഒരേ വിഭാഗം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം അടവാക്കുന്നതിനാൽ പല തരത്തിലുള്ള പരാതികൾ ഈ മേഖലയിൽ നിന്നും ഉയർന്ന് വന്നിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മുകളിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനായി എയ്ഡഡ് സ്കൂൾ

അധ്യാപകരിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കുന്നതിലേയ്ക്കായി ടി **ജീവനക്കാർക്ക് നിയമനം ലഭിക്കുന്ന മാസം മുതൽ എൻ.പി.എസ് വിഹിതം ഈടാക്കേണ്ടതാണ് എന്നതിന് പകരം നിയമനാംഗീകാരം ലഭിക്കുന്ന തീയതി മുതൽ മാത്രം എൻ.പി.എസ് വിഹിതം ഈടാക്കേണ്ടതാണ്** എന്ന രീതിയിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
8. ധനകാര്യ (എൻ.പി.എസ്-സെൽ)വകുപ്പ്.
9. പൊതുവിദ്യാഭ്യാസ വകുപ്പ്
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.172/2018/ധന. തിരുവനന്തപുരം, തീയതി, 07.11.2018

---

പരാമർശം:- സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ച് ഒരു സമിതി രൂപീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ശ്രീ.എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) (ചെയർമാൻ)
2) ശ്രീ.പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.)
3) പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി

കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു. കമ്മിറ്റി 6 മാസത്തിനകം വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ശ്രീ. എസ്.സതീഷ് ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.)
2. ശ്രീ. പി.മാരപാണ്ഡ്യൻ.ഐ.എ.എസ് (റിട്ട.)
3. പ്രൊഫ.ഡി.നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി
4. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
6. അക്കൗണ്ടൻറ് ജനറൽ ( ഇ& ആർ.എസ്.എ) കേരള, തിരുവനന്തപുരം.

7. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
8. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
9. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
10. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
11. എല്ലാ വകുപ്പ് മേധാവികൾക്കും.
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
13. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം
23. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
25. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
28. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
29. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
30. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
31. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
32. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
33. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
34. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
35. നോഡൽ ഓഫീസർ, www.finance.kerala.gov.in
36. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

## കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ

1. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പ്പരിശോധിക്കുന്നതിലെ നിയമപരവും സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുക, നിർദ്ദേശങ്ങൾ സമർപ്പിക്കുക.

2. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നത് കേന്ദ്ര ധനകമ്മീഷൻ നിബന്ധനകളേയും ധനദൃഢീകരണത്തിനുള്ള പരിപ്രേക്ഷ്യത്തെയും എങ്ങനെ ബാധിക്കും?

3. NPS ട്രസ്റ്റ്, NSDL എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറുകൾ സൃഷ്ടിക്കുന്ന ബാദ്ധ്യതകൾ, ഉത്തരവാദിത്തങ്ങൾ എന്നിവ വിശദമായി പരിശോധിച്ച് സാധ്യതകൾ നിർദ്ദേശിക്കുക.

4. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ പങ്കാളികളായ ജീവനക്കാർക്ക് ആയത് പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ:

a) ജീവനക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം ഏത് വിധത്തിലാകും കൈകാര്യം ചെയ്യപ്പെടുക?

b) സർക്കാർ നാളിതുവരെ ഒടുക്കിയ വിഹിതം തിരികെ ലഭ്യമാകുമോ? ഈ കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുക.

5. പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചാൽ പദ്ധതിയിൽ ചേർന്ന് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച കാര്യത്തിലെ നിയമവ്യവസ്ഥ എന്തായിരിക്കും? ഇവരും സർക്കാരും അടച്ച വിഹിതങ്ങളുടെ സ്ഥിതി എന്തായിരിക്കും?

6. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങളുടെ അനുഭവവും ഇപ്പോഴത്തെ സ്ഥിതിയും പരിശോധിക്കുക.

7. പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ കേരളത്തിലെ പ്രത്യേകതകൾ എന്തെല്ലാമാണ്? പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് കൂടുതൽ ആകർഷകമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാം?

8. പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനയുമായി ബന്ധപ്പെട്ട് പ്രസക്തം എന്ന് കമ്മിറ്റി കരുതുന്ന മറ്റ് കാര്യങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുക.

## കേരള സർക്കാർ

### സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി- സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം - അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.**97/2018**/ധന. തിരുവനന്തപുരം, തീയതി, **23.06.2018**

==========================================================================

പരാമർശം:- (1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013
(2) സ.ഉ(പി) നം. 126/2016/ധന. തീയതി, 31.08.2016
(3) സ.ഉ(പി)നം. 141/2017/ധന. തീയതി, 08.11.2017
(4) സ.ഉ (സാധാ) നം.1576/2018/ധന. തീയതി, 01.03.2018

### ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കുടുംബ പെൻഷന് അർഹതയില്ലാത്ത സാഹചര്യത്തിൽ ടി വിഭാഗം ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതന് ആശ്വാസധന സഹായം അനുവദിച്ചു കൊണ്ട് പരാമർശം (2) പ്രകാരവും, പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിച്ചു കൊണ്ട് സൂചന (3) പ്രകാരവും സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ആശ്വാസ ധനസഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച് പ്രസ്തുത ഉത്തരവുകളിലൊന്നും തന്നെ പരാമർശിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ആശ്വാസ ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ചും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും സൂചന ഉത്തരവുകളുടെ തുടർച്ചയായി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അപേക്ഷകർ താഴെ പറയുന്ന രേഖകൾ സഹിതം ജീവനക്കാരൻ മരണപ്പെടുന്ന സമയത്ത് സേവനമനുഷ്ഠിച്ച ഓഫീസിലെ മേധാവിക്ക് നൽകേണ്ടതും ഓഫീസ് മേധാവി ജീവനക്കാരന്റെ അവസാന ശമ്പള സാക്ഷ്യപത്രത്തിന്റെ (LPC) ഒരു പകർപ്പ് സഹിതം ഉചിതമാർഗ്ഗേന അപേക്ഷയും അനുബന്ധ രേഖകളും ധനകാര്യ (എൻ.പി.എസ്.സെൽ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

(1) സൂചന (3) ഉത്തരവിന് അനുബന്ധമായി നൽകിയിരിക്കുന്ന അപേക്ഷാഫോറം
(2) സൂചന (3) ഉത്തരവിലെ സത്യപ്രസ്താവനയിൽ സാധുവായത്.
(3) നിയമാനുസൃതമായ അവകാശ സർട്ടിഫിക്കറ്റ്.
(4) മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(5) ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ്.

3) ആശ്വാസ ധനസഹായത്തിനുള്ള അപേക്ഷകൾ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് പ്രത്യേകമായി പരിശോധിച്ച് സൂചന (3) ഉത്തരവിലെ ഖണ്ഡിക (5) ന് വിധേയമായി ഓരോ അപേക്ഷയ്ക്കും മരണപ്പെട്ട ജീവനക്കാരന്റെ PEN നമ്പർ കൂടി ചേർത്തു കൊണ്ട് ഒരു നമ്പർ നല്കുകയും, തുക അനുവദിച്ച് പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിൽ നിന്നും ഉത്തരവ് ലഭിക്കുന്നതനുസരിച്ച് ബന്ധപ്പെട്ട ട്രഷറി ഓഫീസർ "2071 -01- 117-90 (NV) Compassionate Assistance to the dependents of employee who died while in service and who enrolled under National Pension System" എന്ന പരാമർശം (4) ഉത്തരവ് പ്രകാരമുള്ള ശീർഷകത്തിൽ നിന്നും ആശ്രിതരുടെ ബാങ്ക്/ ട്രഷറി അക്കൗണ്ട് മുഖേന തുക വിതരണം ചെയ്യേണ്ടതാണ്. സൂചന (3) ഉത്തരവിലെ ഖണ്ഡിക (13)ൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ധനസഹായം സ്വീകരിക്കുന്ന വ്യക്തി വർഷാവർഷം ലഭ്യമാക്കുന്നുണ്ടെന്നു ട്രഷറി ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreelatha

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

സംഗ്രഹം

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതു വരെ ആശ്വാസ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ. (അച്ചടി) നം.126/2016/ധന. തിരുവനന്തപുരം, തീയതി: 31.08.2016

---

പരാമർശം : സ.ഉ.(പി)നം.20/2013/ധന. തീയതി, 07.01.2013.

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം 01.04.2013-ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം-III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന ജീവനക്കാർക്ക് നാഷണൽ പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ടി വിഭാഗം ജീവനക്കാർ സർവ്വീസ്സിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതർക്ക് കെ.എസ്.ആർ പ്രകാരമുള്ള കുടുംബ പെൻഷനു അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുകയും സർവ്വീസ്സിലിരിക്കെ മരണമടയുകയും ചെയ്യുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഈ ആനുകൂല്യം മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് PFRDA കുടുംബ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതു വരെ മാത്രമായിരിക്കും.

2. നിലവിലുള്ള സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ സമർപ്പിക്കുന്നവരുടെ കാര്യത്തിൽ ഈ ആനുകൂല്യം അവകാശികൾക്ക്

തൊഴിൽ ലഭിക്കുന്നതു വരെയും, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തൊഴിൽ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ ഈ ആനുകൂല്യം ആശ്രിത നിയമനത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട നിർദ്ദിഷ്ട സമയപരിധി വരെയും മാത്രമേ ലഭ്യമാവുകയുള്ളൂ.

3. ഇതിന് 01.04.2013 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കും.

4. ഈ ആനുകൂല്യം താഴെ പറയുന്ന അവകാശികൾക്ക് മാത്രമായി മുൻഗണനാക്രമത്തിൽ അനുവദിക്കുന്നതാണ്.

a. ഭാര്യ/ഭർത്താവിന്

b. 25 വയസ്സിന് താഴെയുള്ള മകൻ/മകൾക്ക്

(വിവാഹിതരാകുന്നത് വരെയോ തൊഴിൽ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ നിയമപ്രകാരം ദത്തെടുത്തവർ ഉൾപ്പെടെ, വയസ്സിന്റെ മുൻഗണനാക്രമത്തിൽ)

c. മരണമടയുന്ന ജീവനക്കാരൻ അവിവാഹിതൻ/ അവിവാഹിതയാണെങ്കിൽ ഈ ആനുകൂല്യം മാതാപിതാക്കൾക്ക് (കെ.എസ്സ്.ആർ.ഭാഗം III ചട്ടം 90(6A) ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കു അനുസൃതമായി ജീവിതാവസാനം വരെ) നൽകുന്നതാണ്.

ഇതു സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. ഡയറക്ടർ (സർവ്വീസസ്), ഡിപാർട്ട്മെന്റ് ഓഫ് പേഴ്സണൽ ആന്റ് ട്രെയിനിംഗ്, മിനിസ്ട്രി ഓഫ് പേഴ്സണൽ, പബ്ലിക് ഗ്രിവൻസസ് ആന്റ് പെൻഷൻ, ഗവൺമെന്റ് ഓഫ് ഇന്ത്യ.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആൻറ് ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആൻറ് എസ്.എസ്.എ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 228,തീയതി 25/08/2016 പ്രകാരം)

6. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
8. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
9. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
10. എല്ലാ വകുപ്പ് മേധാവികൾക്കും.
11. സ്റ്റേറ്റ് നോഡൽ ഓഫീസർ www.finance.kerala.gov.in
12. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
13. ജനറൽ മാനേജർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
15. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
16. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/ മഹാത്മാ ഗാന്ധി/കണ്ണൂർ) (ആമുഖ കത്ത് സഹിതം)
17. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
18. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
19. രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
20. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി (ആമുഖ കത്ത് സഹിതം)
21. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
22. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം (ആമുഖ കത്ത് സഹിതം)
23. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
24. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
25. സെക്രട്ടറി, കെ.എസ്.ഇ.ബി. ലിമിറ്റഡ്, തിരുവനന്തപുരം
26. ചീഫ് സെക്രട്ടറി, കേരള സർക്കാർ
27. സർക്കാരിന്റെ എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
28. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
29. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ

30. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
31. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
32. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
33. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
34. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
35. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
36. സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾക്കും
37. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

## GOVERNMENT OF KERALA

Abstract

National Pension System-- Judgement in WP(C)No.12341of 15 - complied orders-issued.

## FINANCE (PENSION-A) DEPARTMENT

**G.O.(Ms) No.353/2016/Fin. Dated, Thiruvananthapuram,01.09.2016**

Read: 1. G.O(P)No.20/2013/Fin dated 07/01/2013.
2. G.O(P)No.209/2013/Fin dated 07/05/2013.
3. Judgement dated 16.02.2016 in WP(C)No.12341/15 of Honourable High Court of Kerala.

ORDER

Government vide order read as 1st paper above has implemented National Pension System (NPS) to all employees who are appointed on or after 01.04.2013 and who would have been governed by Part III of KSRs otherwise. Later government allowed mobility to those Government Servants/Autonomous Body employees/Aided Institution employees who are appointed in substantive vacancies on regular basis on or before 31.03.2013 and who were in such posts on 31.03.2013 and to whom the KSR, Part III Pension Scheme applies in their respective institutions. This mobility is not applicable in the case of Part Time Contingent Employees since their service benefits come under the purview of Part Time Contingent Employees Rules. The Honourable High Court in the judgement read above has set aside the direction of Government not to include part

time contingent employees of High court in the ambit of G.O read 2nd above and directed to pass new orders in the light of the observation made in the judgement. Even though Government Order read 2nd above is not applicable to the Part Time Contingent Employees who are promoted to the post of Full Time Employees on or after 01.04.2013 , in order to comply the judgement Government are pleased to include the petitioners in WP(C)No.12341/15 in the statutory pension scheme .

Thus the judgement is complied with.

**(By Order of the Governor)**
**Dr.K.M.ABRAHAM**
**Additional Chief Secretary (Finance)**

To

The Principal Accountant General (A&E), Kerala, Thiruvananthapuram
The Principal Accountant General (G&SSA), Kerala, Thiruvananthapuram
The Principal Accountant General (E&RSA), Kerala, Thiruvananthapuram
The Director of Treasuries, Thiruvananthapuram
The Registrar General, High Court of Kerala, Ernakulam
The Advocate General, Kerala, Ernakulam
Finance(NPS Cell) Department.
The Nodal Officer, www.finance.kerala.gov.in
Office copy/ Stock file

**Forwarded By Order**

**Section Officer**

കേരള സർക്കാർ

<u>സംഗ്രഹം</u>

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ.(പി)നം.141/2017/ധന. തിരുവനന്തപുരം, തീയതി, 08/11/2017.

പരാമർശം : (1) 24.05.1999-ലെ സ.ഉ(പി)നം.12/1999/ഉ.ഭ.പ
(2) 07.01.2013-ലെ സ.ഉ(പി)നം.20/2013/ധന.
(3) 31.08.2016-ലെ സ.ഉ(പി)നം.126/2016/ധന.

<u>ഉത്തരവ്</u>

01.04.2013-ന് ശേഷം സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി ബാധകമാക്കി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ജീവനക്കാർ സർവ്വീസ്സിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതർക്ക് കുടുംബ പെൻഷനു അർഹതയില്ല. എന്നാൽ ഇത്തരത്തിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ധാരാളം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കെ സർവ്വീസ്സിലിരുന്ന് മരണമടയുന്ന ജീവനക്കാരൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30% ത്തിനു തുല്യമായ തുക ആശ്വാസ ധനസഹായമായി പരാമർശം (3) പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആശ്വാസധനസഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

## നടപടിക്രമങ്ങൾ:-

1) ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്ന മുഴുവൻ രേഖകളുടെയും രണ്ട് പകർപ്പുകൾ മരണപ്പെട്ട ജീവനക്കാരൻ അവസാനമായി ജോലി ചെയ്ത സ്ഥാപനത്തിന്റെ മേധാവി/ ഡി.ഡി.ഒ-യ്ക്ക് ജീവനക്കാരന്റെ ആശ്രിതൻ/ആശ്രിത സമർപ്പിയ്ക്കേണ്ടതാണ്.

2) സ്ഥാപന മേധാവി/ഡി.ഡി.ഒ അപേക്ഷകൾ പരിശോധിച്ചതിന് ശേഷം മരണപ്പെട്ട വ്യക്തിയുടെ PEN നമ്പർ, അവസാനം വാങ്ങിയ ശമ്പളം, ഏത് ട്രഷറിയിൽ നിന്നാണോ ശമ്പളം കൈപ്പറ്റിയിരുന്നത്, പ്രസ്തുത ട്രഷറിയുടെ പേര് ഉൾപ്പെടെ ശുപാർശ സഹിതം അപേക്ഷ ഉചിതമാർഗ്ഗേന ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

3) എൻ.പി.എസ് സെൽ പ്രസ്തുത അപേക്ഷ സ്പാർക്കിലെ വിവരങ്ങളുമായി ഒത്തു നോക്കിയതിന് ശേഷം പി.പി.ഒ യ്ക്ക് സമാനമായി മരണപ്പെട്ട വ്യക്തിയുടെ PEN നമ്പർ കൂടി ചേർത്ത് പ്രത്യേകമായ ഒരു നമ്പർ ഓരോ അപേക്ഷയ്ക്കും അനുവദിയ്ക്കേണ്ടതാണ്.

4) ലഭ്യമായ രേഖകൾ പരിശോധിച്ചതിന് ശേഷം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്, സ്ഥാപന മേധാവി/ഡി.ഡി.ഒ -യുടെ ശുപാർശയുടെ വെളിച്ചത്തിൽ മരണപ്പെട്ട വ്യക്തി അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിന്റെ 30%-ന് തുല്യമായ തുക ആശ്വാസ ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5) ഇത്തരത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ പകർപ്പ് ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് ട്രഷറിക്കും അപേക്ഷകനും ബന്ധപ്പെട്ട സ്ഥാപന മേധാവി/ ഡി.ഡി.ഒ യ്ക്കും നൽകേണ്ടതാണ്.

6) ധനകാര്യ(എൻ.പി.എസ്) സെല്ലിൽ നിന്നും ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ആശ്വാസധനസഹായമായി അനുവദിച്ച തുക 2071-01-117-90 compassionate allowance to the dependants of employee who died while in service and was enrolled under national pension system എന്ന ശീർഷകത്തിൽ നിന്നും ട്രഷറി ഓഫീസർ നൽകേണ്ടതാണ്.

7) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ആശ്രിത നിയമനവ്യവസ്ഥ പ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അതാത് വകുപ്പ്/ഓഫീസ് തലവന്മാർ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിനെ യഥാസമയം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജീവനക്കാർ അനർഹമായി ആശ്വാസ ധനസഹായം കൈപ്പറ്റുന്നത് വഴി സർക്കാരിന് വന്നേക്കാവുന്ന സാമ്പത്തിക നഷ്ടം പലിശ സഹിതം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതാണ്.

8) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ബന്ധപ്പെട്ട ഡി.ഡി.ഒ-മാർ അനുബന്ധമായി ചേർത്തിരിക്കുന്ന സത്യപ്രസ്താവന വാങ്ങേണ്ടതും ആയത് താമസംവിനാ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

9) ഡി.ഡി.ഒ-മാർ ലഭ്യമാക്കിയിരിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ മരണപ്പെട്ട ജീവനക്കാരന്റെ ആശ്രിതർക്ക് അനുവദിച്ച ആശ്വാസ ധനസഹായം നിർത്തലാക്കാൻ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് ട്രഷറിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

10) ശമ്പളവും ആശ്വാസ ധനസഹായവും ഒരുമിച്ച് വാങ്ങുന്ന സന്ദർഭമുണ്ടായാൽ ജീവനക്കാരന്റെ തൊട്ടടുത്ത മാസശമ്പളത്തിൽ നിന്നും മുഴുവൻ തുകയും പലിശ സഹിതം വസൂലാക്കുന്നതും ജീവനക്കാരനെതിരെ വകുപ്പ് തല നടപടി കൈക്കൊള്ളുന്നതുമാണ്.

11) ആശ്രിത നിയമനവ്യവസ്ഥ സൂചന(1) ഉത്തരവിന്റെ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരിക്കുകയോ ജോലി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ഓഫീസ് മേധാവി പ്രസ്തുത വിവരം ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിനെ അറിയിക്കേണ്ടതാണ്.

12) പരാമർശം (1) ഉത്തരവിലെ വ്യവസ്ഥ പ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിക്കാത്തവരുടെ കാര്യത്തിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിച്ചിരിക്കുന്ന 2 വർഷം വരെയും, അർഹതയുള്ളവർ പ്രായപൂർത്തിയാകാത്തവർ ആണെങ്കിൽ അവർ പ്രായപൂർത്തിയായതിന് ശേഷം 3 വർഷം വരെയും തുക അനുവദിയ്ക്കുന്നതാണ്.

13) മരണപ്പെട്ട വ്യക്തിയുടെ ഭാര്യ/ഭർത്താവ് പുനർ വിവാഹം കഴിച്ചിട്ടില്ല എന്ന സർട്ടിഫിക്കറ്റ്, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ആശ്രിതന് ജോലി ലഭിച്ചിട്ടില്ല എന്ന സത്യപ്രസ്താവന, ആശ്വാസധനസഹായം വാങ്ങുന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ എല്ലാ വർഷവും ജനുവരി മാസം ബന്ധപ്പെട്ട ട്രഷറിയിൽ ഹാജരാക്കേണ്ടതും അതിന്റെ പകർപ്പ് ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിന് ലഭ്യമാക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.രാജശ്രീ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ. ആൻറ് ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി. ആൻറ് എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടൻറ് ജനറൽ ( ഇ.ആൻറ് ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. എല്ലാ ജില്ലാ ട്രഷറികൾ/സബ് ട്രഷറികൾ.
7. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ.
8. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ.
9. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം.
10. ഗവർണ്ണറുടെ സെക്രട്ടറി.
11. മുഖ്യമന്ത്രിയുടെയും മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
12. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
13. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
14. നോഡൽ ഓഫീസർ www.finance.kerala.gov.in
15. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# ആശ്വാസ ധനസഹായ പദ്ധതി അപേക്ഷ ഫോറം

31.08.2016-ലെ സ.ഉ(പി) നം.126/2016/ധന ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷ ഫോറം.

മരണപ്പെട്ട ജീവനക്കാരന്റെ/ജീവനക്കാരിയുടെ ............................
(പേര്) ..............................................(തസ്തിക) ..................................
(ഓഫീസ്)............................. (PEN നമ്പർ)

അപേക്ഷകന്റെ
ഫോട്ടോ
ഓഫീസ് മേധാവി
സാക്ഷ്യപ്പെടുത്തിയത്

| | | | |
|---|---|---|---|
| അപേക്ഷകന്റെ/അപേക്ഷകയുടെ പേര് | | | |
| ജീവനക്കാരനുമായുള്ള ബന്ധം | | | |
| ജീവനക്കാരൻ മരണപ്പെട്ട ദിവസം | | | |
| മരണപ്പെട്ട ജീവനക്കാരന്റെ നിയമപരമായ അവകാശികളുടെ പേരും വിലാസവും | പേര്/വിലാസം | ജനനതീയതി | വയസ്സ് |
| 1) ഭാര്യ/ഭർത്താവ് | | | |
| 2) 25 വയസിന് താഴെയുള്ള മകൻ/മകൾ | | | |
| 3) മാതാവ് | | | |
| 4) പിതാവ് | | | |

ജില്ലാ /സബ്ട്രഷറിയുടെ പേര് :
ബാങ്കിന്റെ പേര്,അക്കൗണ്ട് നമ്പർ ,IFSC code :
ആധാർ നമ്പർ
ഫോൺ നമ്പർ
ഇ മെയിൽ ID

അപേക്ഷകൻ/അപേക്ഷകയുടെ പൂർണ്ണമായ മേൽവിലാസം:

ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്.....................................................................

സാക്ഷികൾ 1)......................................................................................................

2)......................................................................................................

## സത്യപ്രസ്താവന

1) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ......................ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ ............................... എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി ആശ്വാസധനസഹായം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. എനിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിച്ചതിന് ശേഷവും ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം സർക്കാറിലേയ്ക്ക് തിരിച്ചടയ്ക്കുന്നതാണെന്നു ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി: ഒപ്പ് :

സ്ഥലം: പേര് :

**അല്ലെങ്കിൽ**

2) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സേവനത്തിലിരിക്കെ മരണപ്പെട്ട ...................... ന്റെ ഭാര്യ/ഭർത്താവ്/നിയമപരമായ അവകാശി ആയ ............................... എന്ന ഞാൻ സർക്കാർ ഉത്തരവിന് വിധേയമായി ആശ്വാസ ധനസഹായം അനുവദിച്ചു കിട്ടുന്നതിന് വേണ്ടി അപേക്ഷ സമർപ്പിക്കുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി വരെ മാത്രമേ തുക കൈപ്പറ്റുകയുള്ളു എന്നും, തുടർന്ന് ആശ്വാസധനസഹായം അനർഹമായി കൈപ്പറ്റുകയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും ഞാൻ സത്യപ്രസ്താവന നടത്തുന്നു.

തീയതി: ഒപ്പ് :

സ്ഥലം: പേര് :

**കേരള സർക്കാർ**

**സംഗ്രഹം**

പങ്കാളിത്ത പെൻഷൻ പദ്ധതി- 01.04.2013 ന് ശേഷം പാർട്ട് ടൈം തസ്തികയിൽ നിന്നും ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന ഫുൾ ടൈം തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്ന പാർട്ട് ടൈം ജീവനക്കാരെ/അധ്യാപകരെ കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

**സ.ഉ (പി) നം.178/2018/ധന.** തിരുവനന്തപുരം, തീയതി, 16/11/2018

---

പരാമർശം:- (1) സർക്കുലർ നം.81/1988/ധന. തീയതി 28.10.1988

(2) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013

(3) സ.ഉ (പി) നം. 209/2013/ധന. തീയതി, 07.05.2013

(4) സ.ഉ (പി) നം. 279/2014/ധന. തീയതി, 14.07.2014

(5) സ.ഉ (പി) നം. 120/2016/ധന. തീയതി, 23.08.2016

**ഉത്തരവ്**

സംസ്ഥാനത്ത് കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരിക്കുന്ന വിഭാഗങ്ങളിൽ 01.04.2013 മുതലുള്ള പുതിയ നിയമനങ്ങൾക്ക് പരാമർശം (2) ഉത്തരവ് പ്രകാരം പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ളതാണ്. പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം 31.03.2013 വരെ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമായിരുന്ന സർക്കാരിലോ സർക്കാരിന് കീഴിലെ ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലോ സേവനത്തിലിരിക്കെ 01.04.2013 മുതൽ കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമാകുന്ന സർക്കാരിലോ പ്രസ്തുത സ്ഥാപനങ്ങളിലോ മറ്റൊരു തസ്തികയിൽ പുതുതായി നിയമിക്കപ്പെടുന്ന പക്ഷം മേൽ വിഭാഗം ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയിൽ തന്നെ തുടരാനുള്ള മൊബിലിറ്റി അനുവദിച്ചിട്ടുള്ളതുമാണ്. ഇപ്രകാരമുള്ള മൊബിലിറ്റി ആനുകൂല്യം 01.04.2013 ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന പാർട്ട് ടൈം ജീവനക്കാർക്കും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം ജീവനക്കാർ/ പാർട്ട് ടൈം അധ്യാപകർ എന്നിവർ നിർവ്വചിക്കപ്പെട്ട ഒരു പെൻഷൻ പദ്ധതിയുടെ കീഴിൽ വരുന്നതിനാലും ഈ വിഭാഗം ജീവനക്കാരുടെ പ്രൊമോഷൻ തസ്തിക സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായ ഫുൾ ടൈം തസ്തിക മാത്രമാണ് എന്നതിനാലും 01.04.2013 ന് മുൻപ് സംസ്ഥാന സർക്കാരിന് കീഴിൽ പാർട്ട് ടൈം തസ്തികയിൽ നിയമനം ലഭിച്ച് സേവനത്തിൽ തുടർന്ന് വരവെ 01.04.2013 ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന ജീവനക്കാരെ/അധ്യാപകരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പൊതുമാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ വകുപ്പ് മേധാവികളും നിർബന്ധമായും പാലിക്കേണ്ടതാണ്.

1) 01.04.2013 ന് മുൻപ് പാർട്ട് ടൈം തസ്തികയിലോ പാർട്ട് ടൈം അധ്യാപക തസ്തികയിലോ നിയമനം ലഭിച്ച് സേവനത്തിൽ തുടർന്ന് വരവെ ടി തസ്തികയിൽ നിന്നും 01.04.2013 ന് ശേഷം ഫുൾ ടൈം തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന നിയമിതരായിട്ടുള്ള ജീവനക്കാർക്ക് മാത്രമായിരിക്കും ഈ ഉത്തരവ് ബാധകം.
2) നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വമെടുത്തിരിക്കുന്ന ഈ വിഭാഗത്തിലെ ജീവനക്കാർക്ക്, അവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാനാണ് ആഗ്രഹിക്കുന്നതെങ്കിൽ, ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം അനുബന്ധമായി ചേർത്തിരിക്കുന്ന സത്യപ്രസ്താവന നിയമനാധികാരിയ്ക്ക്/ഓഫീസ് തലവന് മുൻപാകെ സമർപ്പിക്കേണ്ടതാണ്. നിയമനാധികാരി/ഓഫീസ് തലവൻ ആയത് സാക്ഷ്യപ്പെടുത്തി ജീവനക്കാരന്റെ/ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ പതിക്കേണ്ടതാണ്.
3) 01.04.2013-നോ അതിന് ശേഷമോ പാർട്ട് ടൈം തസ്തികയിൽ നിയമനം ലഭിക്കുന്നവർക്ക് പിന്നീട് ഫുൾ ടൈം തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ ലഭിക്കുന്ന പക്ഷം, അവർ ഫുൾ ടൈം തസ്തികയിൽ പ്രവേശിക്കുന്ന ദിവസം മുതൽ പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാകുന്നതാണ്.
4) ഈ ഉത്തരവ് പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയ്ക്ക് അർഹത നേടുന്ന ജീവനക്കാരുടെ വിരമിക്കൽ പ്രായം കെ.എസ്.ആർ ഭാഗം I ചട്ടം-60 പ്രകാരം 56 വയസ്സായിരിക്കുന്നതാണ്.
5) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടതിന്റെ ഭാഗമായി 56 വയസ്സിന് ശേഷവും ജോലിയിൽ തുടരുന്നതും, പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാനുള്ള സത്യപ്രസ്താവന സമയപരിധിയ്ക്കുള്ളിൽ നല്കാത്തതുമായ ജീവനക്കാരെ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടൻ പ്രാബല്യത്തിൽ നിർബന്ധിത വിരമിക്കലിന് വിധേയമാക്കേണ്ടതാണ്.

6) നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുകയും ഖണ്ഡിക (2) പ്രകാരമുള്ള സത്യപ്രസ്താവന നല്കി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തന്നെ തുടരാൻ ആഗ്രഹിക്കുന്ന ജീവനക്കാരൊഴികെയുള്ള ജീവനക്കാരുടെ യഥാർത്ഥ വിരമിക്കൽ പ്രായമായ 56 വയസ്സിന് ശേഷമുള്ള കാലയളവ് പരാമർശ സർക്കുലറിലെ വ്യവസ്ഥകൾക്ക് വിധേയമായി കണക്കാക്കേണ്ടതാണ്.

7) ഈ ഉത്തരവ് പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെട്ട ജീവനക്കാരുടെ 56 വയസ്സ് പൂർത്തിയായതിന് ശേഷമുള്ള സേവനകാലയളവ് പരാമർശ സർക്കുലർ പ്രകാരം യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

8) 56 വയസ്സിന് ശേഷം സേവനദീർഘിപ്പിക്കലിന്റെ ഭാഗമായി അനുവദിച്ച നല്കിയ ശമ്പളവും, മറ്റാനുകൂല്യങ്ങളും പരാമർശ സർക്കുലർ പ്രകാരം തിരികെ ഈടാക്കേണ്ടതില്ല.

9) ഈ ഉത്തരവ് പ്രകാരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാൻ അനുമതി ലഭിച്ചിരിക്കുന്ന മുഴുവൻ ജീവനക്കാരുടേയും നാളിതുവരെ അടവാക്കിയ സർക്കാർ/ജീവനക്കാരുടെ വിഹിതം പരാമർശം (5) ഉത്തരവ് പ്രകാരം ക്രമീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
6. ചീഫ് സെക്രട്ടറി, കേരള സർക്കാർ
7. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
8. എല്ലാ വകുപ്പ് മേധാവികൾക്കും.
9. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
10. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
11. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
12. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
13. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ)
14. രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
15. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര
16. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്
17. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി
18. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ
19. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം

20. സെക്രട്ടറി,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
21. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
22. സെക്രട്ടറി, കെ.എസ്.ഇ.ബി- ലിമിറ്റഡ്, തിരുവനന്തപുരം
23. ധനകാര്യ (എൻ.പി.എസ്) വകുപ്പ്
24. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
25. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ
26. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം
27. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം
28. മുഖ്യമന്ത്രിയുടെ/ മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
29. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
30. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
31. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
32. നോഡൽ ഓഫീസർ, www.finance.kerala.gov.in
33. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

# <u>സത്യപ്രസ്താവന</u>

------------ തീയതിയിൽ --------- വകുപ്പിൽ --------------തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതും ------------- തീയതിയിൽ ബൈ-ട്രാൻസ്ഫർ/ബൈ-പ്രൊമോഷൻ മുഖേന ഫുൾ ടൈം തസ്തികയിൽ നിയമിക്കപ്പെട്ടതുമായ ...................... ആയ ഞാൻ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരാൻ ആഗ്രഹിക്കുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരുന്ന പക്ഷം മുൻകാല സേവനകാലയളവ് യാതൊരുവിധ പെൻഷൻ ആനുകൂല്യങ്ങൾക്കും പരിഗണിക്കില്ല എന്നും പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കാണ് അർഹതയുണ്ടാകുക എന്നുമുള്ള പൂർണ്ണ അറിവോടെയും സമ്മതത്തോടെയുമാണ് ഞാൻ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ തുടരുന്നത് എന്നും ഭാവിയിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് ഒരു കാരണവശാലും അവകാശവാദം ഉന്നയിക്കുന്നതല്ല എന്നും ഇതിനാൽ ഉറപ്പ് നൽകുന്നു.

തീയതി:

സ്ഥലം:

ഒപ്പ്:

പേര്:

പെൻ നം:

ഉദ്യോഗപ്പേര്:

ഓഫീസ്:

കേരള സർക്കാർ

സംഗ്രഹം

പങ്കാളിത്ത പെൻഷൻ പദ്ധതി- സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവർ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ഇളവ് വരുത്തുന്നത് - കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ(പി) നം.142/2018/ധന. തിരുവനന്തപുരം, തീയതി : 10/09/2018.

പരാമർശം: 1) സ.ഉ(പി) നം. 20/2013/ധന. തീയതി, 07.01.2013

2) സ.ഉ(പി) നം.209/2013/ധന. തീയതി 07.05.2013

3) സ.ഉ(പി) നം.279/2014/ധന. തീയതി 14.07.2014

4) സർക്കുലർ നമ്പർ 65/2015/ധന. തീയതി 04.07.2015

5) സ.ഉ(പി) നം.7/2018/ധന. തീയതി 12.01.2018

6) റിട്ട് ഹർജി നം.17226/2018-മേലുള്ള 22.06.2018-ലെ കോടതിവിധി

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പരാമർശം (2) ഉത്തരവ് പ്രകാരം 01.04.2013 ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013 ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും, പരാമർശം (3) ഉത്തരവ് പ്രകാരം 01.04.2013-ന് മുൻപ് കെ.എസ്.ആർ ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പിന്നീട് പുതിയ ജോലിയിൽ പ്രവേശിക്കുന്ന സമയത്തും സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാർ പരാമർശം (4) സർക്കുലറിലെ

നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കണം പുതിയ ജോലിയിൽ പ്രവേശിക്കേണ്ടത് എന്ന് മാത്രമല്ല മേൽ പരാമർശിച്ചിരിക്കുന്ന ഉത്തരവുകളിൽ പ്രതിപാദിച്ചിരിക്കുന്നത് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ നിയമനാധികാരിക്ക് ഓപ്ഷൻ ഫോം സമർപ്പിക്കുകയും വേണം. സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ ജീവനക്കാർ സമയപരിധിക്കുള്ളിൽ ഓപ്ഷൻ ഫോം സമർപ്പിച്ചിട്ടില്ലാത്തതിനാൽ അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനാകാത്ത സാഹചര്യം വന്നു ചേർന്നിരിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരിക്കുന്നു.

2) ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിലെ കാലതാമസം ജീവനക്കാരുടെ മാത്രം പിഴവായി കണക്കാക്കാനാകില്ല എന്നും ഓഫീസ് മേധാവികളും നിയമനാധികാരികളും ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പാലിക്കുകയും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ കൃത്യമായി ജീവനക്കാരെ അറിയിക്കുകയും ചെയ്തിരുന്നെങ്കിൽ അവർക്ക് സമയബന്ധിതമായിത്തന്നെ ഓപ്ഷൻ ഫോം സമർപ്പിക്കാനും അതുവഴി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുമുള്ള സാഹചര്യം ഉണ്ടാകുമായിരുന്നു എന്നും ഇതു സംബന്ധിച്ച നം. 17226/2018 റിട്ട് ഹർജിയിന്മേലുള്ള കോടതി വിധിയിൽ പരാമർശിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2), (3) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സമയബന്ധിതമായി ഓപ്ഷൻ ഫോം സമർപ്പിക്കാത്തതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാൻ സാധിക്കാതെ വന്ന ജീവനക്കാർക്ക് നിയമനാധികാരി മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കുന്നതിനായി സർക്കാർ ഒരവസരം കൂടി നല്കുന്നു. പ്രസ്തുത ജീവനക്കാർ നാളിതുവരെയും ഓപ്ഷൻ ഫോം സമർപ്പിക്കാത്തവരോ സമയപരിധിയായ 3 മാസത്തിനകം ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാതെ വന്നവരോ ആണെങ്കിൽ **2018 നവംബർ 30 – നകം നിയമനാധികാരിക്ക് മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കേണ്ടതും** നിയമനാധികാരി ആയതു പരിശോധിച്ച് ജീവനക്കാരന് ബാധകമായിട്ടുള്ള പെൻഷൻ പദ്ധതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതും സേവന പുസ്തകത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും ഉത്തരവിന്റെ പകർപ്പും ഓപ്ഷൻ ഫോമും സേവന പുസ്തകത്തിൽ പതിക്കേണ്ടതുമാണ്. 2018 നവംബർ 30- ന് മുൻപായി ഓപ്ഷൻ ഫോം സമർപ്പിക്കാത്ത ജീവനക്കാർക്ക് യാതൊരു കാരണവശാലും ഇനിയൊരു അവസരം നൽകുന്നതല്ല. മേൽ നടപടി ക്രമങ്ങൾ പാലിക്കാത്ത ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്. 2018 നവംബർ 30 -ന് ശേഷം മറ്റൊരു തസ്തികയിൽ നിയമനം

ലഭിക്കുന്ന, മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളതുമായ ജീവനക്കാർ പരാമർശം (2), (3) ഉത്തരവുകളിൽ ബാധകമായത് നിർബന്ധമായും പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അർഹത എന്നന്നേയ്ക്കുമായി നഷ്ടപ്പെടുന്നതായിരിക്കും. ഈ ഉത്തരവ് തീയതിയ്ക്ക് ശേഷമുള്ള ഓരോ നിയമന സമയത്തും ജോലിയിൽ പ്രവേശിക്കുന്നവർ പരാമർശം (2) അല്ലെങ്കിൽ (3) ഉത്തരവുകൾക്കും പരാമർശം (4) സർക്കുലറിനും വിധേയമായിട്ടാണോ സേവനത്തിൽ പ്രവേശിച്ചിരിക്കുന്നത് എന്നതും ടി ജീവനക്കാർ മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ളവരാണോ എന്ന കാര്യവും നിയമനാധികാരി വിശദമായി പരിശോധിക്കേണ്ടതും, നിയമനാധികാരികൾ ഇക്കാര്യങ്ങൾ പാലിക്കുന്നുണ്ടെന്ന് വകുപ്പുമേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്. ഈ ഉത്തരവ് തീയതിയ്ക്ക് ശേഷവും ഓപ്ഷൻ ഫോം സമർപ്പിക്കാതിരിക്കുകയോ സമർപ്പിക്കുന്നതിൽ കാലതാമസം വരുത്തുകയോ ചെയ്യുന്ന ജീവനക്കാർക്ക് ഇനിയൊരവസരം സർക്കാർ നല്കുന്നതല്ല. അവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള അർഹത നഷ്ടമാകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.രാജശ്രീ
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് തലവന്മാർക്ക്/നിയമനാധികാരികൾക്ക്.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
7. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ